# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2205 18/06/2013- ൽ മറുപടിക്ക്

### ബയർ - സെല്ലർ മീറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് ബയർ - സെല്ലർ മീറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കെ.ബിപ്പ് മുഖേന സംസ്ഥാനത്ത് 2004 ഫെബ്രുവരി 19 മുതൽ 21 വരെ ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് 2004 ഉം, 2005 സെപ്റ്റംബർ 6 മുതൽ 8 വരെ ബിസിനസ്സ് ടു ബിസിനസ്സ് മീറ്റും 2007 സെപ്റ്റംബർ 6 മുതൽ 8 വരെ ബിസിനസ്സ് ടു ബിസിനസ്സ് മീറ്റും, 2007 സെപ്റ്റംബർ 27 മുതൽ 29 വരെ ട്രേഡ് ടെക്നോളജി ബിസിനസ്സ് ഷോയും 2012 ഫെബ്രുവരി 10 ന് ഡിഫൻസ് എന്റർപ്രൈസസ് ഇന്ററാക്ഷൻ 2012 ഉം 2012 ഫെബ്രുവരി 24 ന് റെയിൽ എന്റർപ്രൈസസ് ഇന്ററാക്ഷൻ 2012 ഉം എന്നിങ്ങനെ ബയർ സെല്ലർ മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ലൈറ്റ് എഞ്ചിനീയറിംഗ്- ഫാബ്രിക്കേഷൻ, ഇലക്ട്രിക്കൽ - ഇലക്ട്രോണിക്സ് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെയും സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട വ്യവസായ യൂണിറ്റുകളെയും ബന്ധിപ്പിച്ചുകൊണ്ട് 06.03.2013-ൽ ബയർ സെല്ലർ മീറ്റ് സംഘടിപ്പിച്ചു. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സൂക്ഷ്മ ചെറുകിട | (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് ബയർ-സെല്ലർ മീറ്റുകൾ നടത്തുക വഴി സൂക്ഷ്മ |

| | | | |
|---|---|---|---|
| | വ്യവസായങ്ങളെ ശക്തിപ്പെടുത്താൻ ഈ മീറ്റ് എത്ര മാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | | ചെറുകിട വ്യവസായ സംരംഭകർക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉൽപ്പന്നങ്ങളെപ്പറ്റി അറിയുവാനും, അതു നൽകുന്നതിനുള്ള നടപടി ക്രമങ്ങളെക്കുറിച്ച് മനസ്സിലാക്കാനും അതുവഴി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളെ ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര വിപണി കണ്ടെത്തുവാനും സാധിക്കും. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഈ മീറ്റുമായി സഹകരിച്ചത് എന്ന് വിശദമാക്കുമോ | (സി) | വ്യവസായ വാണിജ്യ വകുപ്പിനു വേണ്ടി കിൻഫ്ര, കെ.എസ്.ഐ.ഡി.സി, കെ.എസ്.എസ്.ഐ.എ എന്നീ ഏജൻസികളുമായി സഹകരിച്ച് കെ.ബിപ്പ് മുഖേനയാണ് മേൽ പറഞ്ഞ മീറ്റുകൾ സംഘടിപ്പിച്ചത്. ഒരെണ്ണം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രമാണ് സംഘടിപ്പിച്ചത്. കേന്ദ്ര സംസ്ഥാന പൊതുമേഖലയിൽ നിന്ന് 37 സ്ഥാപനങ്ങളും 300-ൽപരം ചെറുകിട വ്യവസായ സ്ഥാപനങ്ങളും ഈ പരിപാടിയിൽ പങ്കെടുത്തു. |
| (ഡി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് മീറ്റു വഴി നേടിയിട്ടുള്ളത്? | (ഡി) | പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ട ഉത്പന്നങ്ങൾ അതാത് പ്രദേശങ്ങളിൽ നിന്നുമുള്ള ചെറുകിട വ്യവസായങ്ങളിൽ നിന്നും ലഭ്യമാക്കുക എന്നതാണ് ഈ സംഗമത്തിന്റെ മുഖ്യലക്ഷ്യം. കേരള സംസ്ഥാനത്തെ ഒരു വ്യവസായിക ഉത്പാദക സംസ്ഥാനമായി എടുത്തുകാട്ടുവാനും സംരംഭകർക്ക് അവർക്കനുയോജ്യമായ വ്യവസായ രംഗങ്ങൾ കണ്ടെത്തുവാനും, വ്യവസായികൾക്ക്പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ച് മനസ്സിലാക്കാനും യന്ത്ര സാമഗ്രി ഉത്പാദകർ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവകളുമായി ചർച്ച നടത്തുവാനും, ഇന്ത്യയ്ക്ക് അകത്തും പുറത്തും നിന്നുമുള്ള വ്യവസായങ്ങളും സംഘടനകളുമായി വ്യാപാര ബന്ധം സ്ഥാപിക്കുവാനും, വിവിധ തരം വ്യാവസായിക ഉത്പന്നങ്ങളെക്കുറിച്ച് മനസ്സിലാക്കാനും സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ പോരായ്മകൾ എന്തെങ്കിലും ഉണ്ടെങ്കിൽ മനസ്സിലാക്കി അവ പരിഹരിച്ച് മുന്നേറുവാനുള്ള വിവരങ്ങൾ സംരംഭകർക്ക് ലഭ്യമായിരുന്നു. |

ഇത്തരം ബയർ സെല്ലർ മീറ്റുകൾ വഴി കേരളം വ്യവസായങ്ങൾക്ക് അനുയോജ്യമായ ഒരു സംസ്ഥാനമാണെന്ന് തെളിയിക്കുവാൻ സാധിക്കും.